മലയോരമേഖലകളിൽ പടർന്നു പിടിക്കുന്ന പനിയും പകർച്ചവ്യാധികളും

142 (872) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മലയോര മേഖലകളിൽ പടർന്നു പിടിക്കുന്ന പനിയും മറ്റ് പകർച്ചവ്യാധികളും ബാധിച്ച് നിരവധി പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗങ്ങൾ ചികിത്സിക്കുന്നതിനായി ഈ ആശുപത്രികളിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരിട്ടി, പേരാവൂർ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും കൂടുതലായി രോഗികൾ എത്തുമ്പോൾ അസൗകര്യങ്ങൾ അനുഭവപ്പെടാറുണ്ട്.

(സി) അത്യാവശ്യം വേണ്ട മരുന്നിന്റെയും മറ്റ് സാധനങ്ങളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ സമീപ സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഡെങ്കിപ്പനിയും എലിപ്പനിയും നിർണ്ണയിക്കുന്നതിനുള്ള ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ഗവൺമെന്റ് ആശുപത്രികളിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ പേവാർഡ് മുറികൾ

143 (875) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീമതി രാധാരാഘവൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ കെ.എച്ച്.ആർ. ഡബ്ല്യു.എസിന് എത്ര പേവാർഡ് മുറികളുണ്ട് ;

(ബി) ഇവയുടെ വാടക നിരക്കെന്താണ് ;

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡുകളിൽ ശുചീകരണം നടത്തുന്നതിനോ പരിസരം വൃത്തിയാക്കുന്നതിനോ ഉള്ള ഏർപ്പാടുകൾ ചെയ്യേണ്ടത് ആരാണ് ;

(ഡി) ഈ പേവാർഡുകളിലെ ശുചീകരണവും പരിസരം വൃത്തിയാക്കലും നിത്യവും ക്രമമായി നടത്തുവാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടായിരത്തി ഇരുപത്തി മൂന്ന് മുറികളുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തന്നെയാണ്.

(ഡി) നിർദ്ദേശം നൽകിയിട്ടുള്ളതായി സർക്കാരിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

ആശുപത്രികളിൽ ജീവനക്കാരുടെ അഭാവം

144 (876) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവംമൂലം സുഗമമായ ആശുപത്രി പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എച്ച്.ഡി.സി.ഫണ്ടിൽ നിന്നും ശമ്പളം നൽകി താൽക്കാലിക നഴ്സുമാരെ നിയമിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുമൂലം തടയപ്പെട്ട സാഹചര്യത്തിൽ ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോട്ടയം മെഡിക്കൽ കോളേജിൽ എച്ച്.ഡി.സി. ഫണ്ടിൽ നിന്നും ശമ്പളം നൽകി താൽക്കാലിക നഴ്സുമാരെ നിയമിച്ചിട്ടുണ്ട് എന്ന് ഡി.എച്ച്.എസ്. അറിയിച്ചിട്ടുണ്ട്. ചില ജില്ലകളിൽ ബോണ്ടഡ് ഉദ്യോഗാർത്ഥികൾ ഉള്ളതിനാൽ അവരുടെ സേവനം വിനിയോഗിച്ചുവരുന്നു.

ജില്ലാ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

145 (877) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ അറിയിക്കാമോ ;

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ കാസർഗോഡ് ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly